©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
**PUBLISHED BY AUTHORITY**

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ആഗസ്റ്റ് 21<br>21st August 2018<br>1194 ചിങ്ങം 5<br>5th Chingam 1194<br>1940 ശ്രാവണം 30<br>30th Sravana 1940 | നമ്പർ<br>No. 34 |

## PART III

## Fisheries Department

<u>വിജ്ഞാപനം</u>

നമ്പർ ബി-9/2018. 2018 ജൂലൈ 27.

ആലപ്പുഴ ജില്ലയിൽ മത്സ്യവകുപ്പ് അരൂർ ഫിഷറീസ് സെക്ഷനിൽപ്പെട്ട സി 45/77-ാം നമ്പർ ചീനവല രണ്ടാം തരത്തിൽപ്പെടുത്തി ചേർത്തല താലൂക്കിൽ അരൂർ വില്ലേജിൽ അരൂർ മുറിയിൽ പനയത്ത് വീട്ടിൽ പി. കെ. വാസു എന്നയാൾക്ക് പതിച്ച് പട്ടയം നൽകിയിട്ടുള്ളതാണ്. ടി ചീനവല ടിയാന്റെ കൈവശാനുഭവത്തിലിരിക്കെ മരണമടഞ്ഞതിനെത്തുടർന്ന് പിന്തുടർച്ചാവകാശികളായ രണ്ടാം പേരുകാരി ഷാലിമോൾ, മൂന്നാം പേരുകാരി രാജിമോൾ എന്നിവർ മൂന്നാം പേരുകാരിയുടെ വിവാഹ ആവശ്യാർത്ഥം നോക്കി നടത്താൻ പറ്റാതായ സാഹചര്യത്തിൽ ടി ചീനവല 2009-ാമാണ്ട് ഏപ്രിൽ മാസം 4-ാം തീയതി കുത്തിയതോട് സബ് രജിസ്ട്രാരാഫീസിലെ 783/09-ാം നമ്പരായി രജിസ്റ്റർ ചെയ്ത തീറാധാര പ്രകാരം ടി വില്ലേജിൽ ടി മുറിയിൽ പനയന്തറ വീട്ടിൽ കൃഷ്ണൻ മകൻ മത്സ്യബന്ധനം നടത്തും 59 വയസ്സുള്ള രാജൻ പേർക്ക് തീറായി വിറ്റിട്ടുള്ളതാകുന്നു. രാജൻ ടി ചീനവല തന്റെ പേരിൽ കൂട്ടി പോക്ക് വരവ് ചെയ്ത് പുതിയ പട്ടയം നൽകണമെന്ന് കാണിച്ച് പ്രമാണത്തിന്റെ ശരിപകർപ്പ് സഹിതം അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. അന്വേഷണത്തിൽ ടിയാൻ ഇപ്പോൾ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബമാണെന്നറിയുന്നു. മേൽ വിവരിച്ച സാഹചര്യത്തിൽ ടി സി 45/77-ാം നമ്പർ ചീനവലയുടെ പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം ടിയാന് നൽകുന്നതിനായി തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉണ്ടെങ്കിൽ അത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പു കൂടാതെ ടി സി 45/77-ാം നമ്പർ ചീനവലയുടെ പഴയ പട്ടയം റദ്ദ് ചെയ്ത് പുതിയ പട്ടയം ടി രാജൻ പേർക്ക് നൽകുന്നതാണെന്ന് ഇതിനാൽ സകലമാനപേരെയും അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ആലപ്പുഴ.

(ഒപ്പ്)
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.